എച്ച് ബി 4 -230 /2021

**വിനോദ സഞ്ചാര വകുപ്പ്**
പാർക്ക് വ്യൂ , തിരുവനതപുരം.
തീയതി : 19/02/ 2021

**<u>താൽക്കാലികാടിസ്ഥാനത്തിൽ കരാർ നിയമനം</u>**

ടൂറിസം വകുപ്പിന്റെ കീഴിലുള്ള താഴെ പട്ടികയിൽ കൊടുത്തിട്ടുള്ള ഗവ : ഗസ്റ്റ് ഹൗസ് / യാത്രി നിവാസ് / എക്കോ ലോഡ്ജ് എന്നിവടങ്ങളിലേക്ക് താഴെ കൊടുത്തിരിക്കുന്ന തസ്തികളിലേക്ക് കരാർ അടിസ്ഥാനത്തിൽ പരമാവധി ഒരു വർഷ കാലയളവിലേക്ക് താല്ക്കാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിനു യോഗ്യരായ അപേക്ഷകരിൽ നിന്ന് അപേക്ഷ ക്ഷണിക്കുന്നു . നിലവിൽ ഒഴിവുള്ള സ്ഥാപനം / ഒഴിവ് പ്രതീക്ഷിക്കുന്ന സ്ഥാപനം , തസ്തിക, ഒഴിവുകളുടെ എണ്ണം എന്നിവ ചുവടെ കൊടുത്തിരിക്കുന്നു .

| നം. | തസ്തിക | നിലവിലെ ഒഴിവുള്ള സ്ഥാപനം / ഒഴിവ് പ്രതീക്ഷിക്കുന്ന സ്ഥാപനം , ഒഴിവുകളുടെ എണ്ണം | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | ഗസ്റ്റ് ഹൗസ് തിരുവന്തപുരം | യാത്രി നിവാസ് തിരുവനന്തപുരം | ഗസ്റ്റ് ഹൗസ് ആലുവ | ഗസ്റ്റ് ഹൗസ് ആലപ്പുഴ | ഗസ്റ്റ് ഹൗസ് കണ്ണൂർ | ഗസ്റ്റ് ഹൗസ് കോഴിക്കോട് * | എക്കോ ലോഡ്ജ് പീരുമേട് | എക്കോ ലോഡ്ജ് ഇടുക്കി |
| 1 | ഫുഡ് & ബിവറേജ് സ്റ്റാഫ് | 6 | | 3 | 2 | | 15** | | |
| 2 | വെയിറ്റേഴ്സ് | | | | | | | 2 | 2 |
| 3 | ഹൗസ് കീപ്പിങ് സ്റ്റാഫ് | | 6 | 6 | | 5 | 9** | 1 | 1 |
| 4 | കിച്ചൻ മേട്ടി | | 1 | 1 | 1 | 1 | | 1 | 1 |
| 5 | കുക്ക് | | 1 | 1 | | 1 | 6** | 1 | 1 |
| 6 | റിസെപ്ഷനിസ്റ്റ് | | 3 | 3 | | 2 | 3 ** | | |
| 7 | അസിസ്റ്റൻറ് കുക്ക് | 4 | | | | | 3** | | |
| | | 10 | 11 | 14 | 3 | 9 | 36** | 5 | 5 |
| **ആകെ** | | **93** | | | | | | | |

*** പ്രതീക്ഷിക്കുന്നത് ,** സർക്കാർ അനുമതിക്ക് വിധേയം .**

വിവിധ തസ്തികകളിലേക്കുള്ള ഉദ്യോഗാർഥികൾക്ക് ആവശ്യമായ വിദ്യാഭ്യാസ യോഗ്യതയും പ്രവൃത്തി പരിചയവും ചുവടെ പറയുന്ന പ്രകാരമായിരിക്കും .

<u>എ ) ഫുഡ് ആൻഡ് ബിവറേജസ് സ്റ്റാഫ് / വെയിറ്റേഴ്സ് :</u>

I ). പ്രീ- ഡിഗ്രി / 10 + 2 പാസായിരിക്കണം .

II ). കേരള സർക്കാരിന്റെ ഫുഡ് ക്രാഫ്റ്റ് ഇന്സ്റ്റിറ്റ്യൂട്ടിൽ നിന്നും ഒരു വർഷത്തെ ഫുഡ് & ബീവറേജ്സ് സർവീസ് ക്രാഫ്റ്റ് സർട്ടിഫിക്കറ്റ് വിജയിച്ചിരിക്കണം .

അല്ലെങ്കിൽ

കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് ടെക്നോളജിയിൽ നിന്നും ഫുഡ് & ബീവറേജ്സ് സർവീസിൽ ഒരു വർഷ ഡിപ്ലോമ വിജയിച്ചിരിക്കണം.

III ). 2 സ്റ്റാർ ക്ലാസിഫിക്കേഷനോ അതിനു മുകളിലുള്ളതോ ആയ ഹോട്ടലുകളിൽ വെയ്റ്റർ / ബട്ലർ / ക്യാപ്റ്റൻ ആയി കുറഞ്ഞത് 2 വർഷത്തെ പ്രവൃത്തി പരിചയം .

ബി ). ഹൗസ് കീപ്പിങ് സ്റ്റാഫ് :

I ). S .S .L .C അല്ലെങ്കിൽ തത്തുല്യ യോഗ്യത .

II ). കേരള സർക്കാരിന്റെ ഫുഡ് ക്രാഫ്റ്റ് ഇന്സിറ്റിട്യൂട്ടിൽ നിന്നും ഹോട്ടൽ അക്കൊമൊഡേഷൻ ഓപ്പറേഷനിൽ ക്രാഫ്റ്റ് സർട്ടിഫിക്കറ്റ് കോഴ്സ് വിജയിച്ചിരിക്കണം .

അല്ലെങ്കിൽ

കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് ടെക്നോളജിയിൽ നിന്നും ഹോട്ടൽ അക്കൊമൊഡേഷൻ ഓപ്പറേഷനിൽ ഡിപ്ലോമയോ പി .ജി . ഡിപ്ലോമയോ വിജയിച്ചിരിക്കണം .

III ). 2 സ്റ്റാർ ക്ലാസിഫിക്കേഷനോ അതിനു മുകളിലുള്ളതോ ആയ ഹോട്ടലുകളിൽ ഹൗസ് കീപ്പിങ്ങിൽ 6 മാസത്തെ പ്രവൃത്തി പരിചയം .

സി ). കുക്ക്

I ). S .S .L .C അല്ലെങ്കിൽ തത്തുല്യ യോഗ്യത .

II ). കേരള സർക്കാരിന്റെ ഫുഡ് ക്രാഫ്റ്റ് ഇന്സിറ്റിട്യൂട്ടിൽ നിന്നോ അല്ലെങ്കിൽ കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് ടെക്നോളജിയിൽ നിന്നോ ഒരു വർഷത്തെ ഫുഡ് പ്രൊഡക്ഷൻ ക്രാഫ്റ്റ് സർട്ടിഫിക്കറ്റ് അല്ലെങ്കിൽ കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് ടെക്നോളജിയിൽ നിന്ന് കുക്കറി / ഫുഡ് പ്രൊഡക്ഷനിൽ ഒരു വർഷത്തെ ഡിപ്ലോമാ .

III ). 2 സ്റ്റാർ ക്ലാസിഫിക്കേഷനോ അതിനു മുകളിലുള്ളതോ ആയ ഹോട്ടലുകളിൽ കുക്ക് / അസിസ്റ്റന്റ് കുക്ക് ആയി കുറഞ്ഞത് 2 വർഷത്തെ പ്രവൃത്തി പരിചയം.

ഡി ). അസിസ്റ്റന്റ് കുക്ക് / കിച്ചൺ മേട്ടി

I ). S .S .L .C അല്ലെങ്കിൽ തത്തുല്യ യോഗ്യത .

II ). കേരള സർക്കാരിന്റെ ഫുഡ് ക്രാഫ്റ്റ് ഇന്സിറ്റിട്യൂട്ടിൽ നിന്നും ഒരു വർഷത്തെ ഫുഡ് പ്രൊഡക്ഷൻ ക്രാഫ്റ്റ് സർട്ടിഫിക്കറ്റ് .

III ). 2 സ്റ്റാർ ക്ലാസിഫിക്കേഷനോ അതിനു മുകളിലുള്ളതോ ആയ ഹോട്ടലുകളിൽ കുക്ക് / അസിസ്റ്റന്റ് കുക്ക് കുറഞ്ഞത് 1 വർഷത്തെ പ്രവൃത്തി പരിചയം.

ഇ). റിസെപ്ഷനിസ്റ് :

I ). പ്രീ - ഡിഗ്രി / 10 +2 പാസായിരിക്കണം .

II ).കേരള സർക്കാറിന്റെ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിസ്റ്റിട്യൂട്ടിൽ നിന്നും ഫ്രണ്ട് ഓഫീസ് ഓപ്പറേഷനിൽ ക്രാഫ്റ്റ് സർട്ടിഫിക്കറ്റ് പാസായിരിക്കണം .

III). 2 സ്റ്റാർ ക്ലാസിഫിക്കേഷനോ അതിനു മുകളിലുള്ളതോ ആയ ഹോട്ടലുകളിൽ ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റ് / റിസപ്ഷനിസ്റ്റ് ആയി കുറഞ്ഞത് 2 വർഷത്തെ പ്രവൃത്തി പരിചയം.

വയസ് : മേൽ പറഞ്ഞ തസ്തികയിലേക്ക് 18 -35 വയസിനും ഇടയിലുള്ള ഉദോഗർത്ഥികൾക്ക് അപേക്ഷ സമർപ്പിക്കാം. സംവരണ വിഭാഗങ്ങൾക്ക് ചട്ടപ്രകാരമുള്ള വയസിളവ് അനുവദനീയമാണ് .

നിബന്ധനകൾ :

1) മേൽ പറഞ്ഞ തസ്തികകളിലേക്കുള്ള നിയമനം പരമാവധി ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ താൽകാലിക നിയമനമായിരിക്കും.

2) ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുന്നത് യോഗ്യതയുടെ അടിസ്ഥാനത്തിൽ എഴുത്ത് പരീക്ഷ / സ്കിൽ ടെസ്റ്റ് / ഇൻറർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിൽ മാത്രമായിരിക്കും .

3) തിരഞ്ഞെടുക്കുന്ന ജീവനക്കാർക്ക് ദിവസവേതനടിസ്ഥാനത്തിൽ അതാത് സമയത്തെ സർക്കാർ ഉത്തരവിൻ പ്രകാരം ക്ലാസ് IV ജീവനക്കാർക്ക് നൽകുന്ന തുക വേതനമായി ലഭിക്കും. നിലവിൽ പ്രതിദിന വേതനം -660 /-

4) മുകളിൽ പട്ടികയിൽ കോഴിക്കോട് ഗസ്റ്റ് ഹൗസിലേക്കായി കാണിച്ചിരിക്കുന്ന തസ്തികകൾ , എണ്ണം , എന്നിവ ഇപ്പോൾ പ്രതീക്ഷിക്കുന്നതും സർക്കാർ അനുമതിക്ക് വിധേയവുമായിരിക്കും.

5) അപേക്ഷകർ അതാത് തസ്തികയിലേക്ക് യോഗ്യതയുണ്ടെന്ന് സ്വയം ഉറപ്പുവരുത്തേണ്ടതാണ് .

6) അപേക്ഷകൾ സ്വീകരിക്കുന്നത് ഓൺലൈൻ മുഖേന മാത്രമായിരിക്കും . അപേക്ഷ ഫോം , അപേക്ഷ സമർപ്പിക്കേണ്ട ലിങ്ക് ചുവടെ ചേർത്തിരിക്കുന്നു.

**https://www.keralatourism.org/recruitments**

7) എഴുത്ത് പരീക്ഷ / സ്കിൽ ടെസ്റ്റ് / ഇന്റർവ്യൂ എന്നിവയ്ക്ക് സ്വന്തം ചിലവിൽ ഹാജരാക്കേണ്ടതാണ് .

8) നിയമനം സംബന്ധിച്ച് ടൂറിസം വകുപ്പ് ഡയറക്ടറുടെ തീരുമാനം അന്തിമമായിരിക്കും .

9 ) അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി **06 -03 -2021** വൈകുന്നേരം 4 മണി ആയിരിക്കും .

Sd/-
ഡയറക്ടർ